# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ .6938

13.07.2012.ൽ മറുപടിയ്ക്ക്

## കോഴിക്കോട് നോർത്തിലെ ജലസേചന പദ്ധതികൾ

**ചോദ്യം**

ശ്രീ.എ പ്രദീപ്കുമാർ

**മറുപടി**

**ശ്രീ. പി .ജെ.ജോസഫ്**
(ജലവിഭവ വകുപ്പ് മന്ത്രി)

എ) കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിലെ മലബാർ പാക്കേജിൽ ഉൾപ്പെട്ട ഏതെല്ലാം പ്രവൃത്തികളാണ് ജലവിഭവ വകുപ്പിന്റെ കീഴിൽ ഉള്ളതെന്ന് വിശദമാക്കുമോ;

എ) **ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണത്തിൻ കീഴിൽ:-** കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിലെ മലബാർ പാക്കേജിൽ ഉൾപ്പെട്ട പദ്ധതികൾ താഴെ പറയുന്നവയാണ്.

1) മൂഴിക്കൽ തോടിന്റെ പാർശ്വ സംരക്ഷണം.
2) പാച്ചാക്കിൽ തോടിന്റെ പാർശ്വ സംരക്ഷണം.
3) എടക്കാട് തോട് ആഴവും വീതിയും കൂട്ടി അഭിവൃദ്ധിപ്പെടുത്തൽ.

**ചീഫ് എഞ്ചിനീയർ, പ്രോജക്ട്-1 ന് കീഴിൽ** കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിലെ മലബാർ പാക്കേജിൽ 2 പ്രവർത്തികളാണ് ഉൾപ്പെട്ടിട്ടുള്ളത്.

1) പുതിയങ്ങാടി ഡിസ്ട്രിബ്യൂട്ടറിയുടെ 1/600 - 2/350, 2/750- 3/200 ന് ഇടയിലുള്ള കനാൽ നവീകരണം.
2) പുതിയങ്ങാടി ഡിസ്ട്രിബ്യൂട്ടറിയുടെ 3/600- 5/000-ന് ഇടയിലുള്ള കനാൽ നവീകരണം.

ബി) ഓരോ പ്രവൃത്തിയും ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

ബി) **ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണത്തിൻ കീഴിൽ:-**

1)മൂഴിക്കൽ തോടിന്റെ പാർശ്വ സംരക്ഷണം - പ്രവൃത്തി പൂർത്തീകരിച്ചു.

2) പാച്ചാക്കിൽ തോടിന്റെ പാർശ്വ സംരക്ഷണം -പ്രവൃത്തി പൂർത്തീകരിച്ചു.

3)എടക്കാട് തോട് ആഴവും വീതിയും കൂട്ടി അഭിവൃദ്ധിപ്പെടുത്തൽ - 16/06/2008-ലെ ജി.ഒ (പി) നമ്പർ. 25/2008/പിഡബ്ല്യൂഡി പ്രകാരം ഭരണാനുമതി നൽകിയ പ്രവർത്തി 2 വർഷത്തിനകം പണി ആരംഭിക്കാതിരിക്കുകയോ ഭരണാനുമതി തുകയുടെ 15% അധികരിക്കുകയോ ചെയ്താൽ പുതുക്കിയ ഭരണാനുമതി ആവശ്യമായതിനാൽ പ്രസ്തുത പ്രവൃത്തിയ്ക്ക് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**ചീഫ് എഞ്ചിനീയർ, പ്രോജക്ട്-1 ന് കീഴിൽ:-**

മലബാർ പാക്കേജിൽ ഉൾപ്പെട്ട 2 പ്രവർത്തികളുടെയും നിർമ്മാണം നടന്നുവരുന്നു.

സെക്ഷൻ ഓഫീസർ